# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2068 — 17.06.2014 ൽ മറുപടിക്ക്

**പുള്ളിക്കട കോളനി കൊല്ലം കോർപ്പറേഷന് കൈമാറാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കൊല്ലത്ത് നാൽപത് വർഷങ്ങളായി 300 കുടുംബങ്ങൾ താമസിക്കുന്ന, റെയിൽവേയുടെ കൈവശമുള്ള പുള്ളിക്കട കോളനി കൊല്ലം കോർപ്പറേഷന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | കൊല്ലം പുള്ളിക്കടയിലെ റയിൽവേ ഭൂമി കൊല്ലം കോർപ്പറേഷന് കൈമാറാനായി കേന്ദ്ര റയിൽവേ ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. ഇത്തരത്തിൽ മുമ്പ് ചിന്നക്കട അണ്ടർ പാസ്സിനായി റയിൽവേ ഭൂമി ഉഭയകക്ഷി സമ്മതപ്രകാരമുള്ള നിരക്കിൽ കൊല്ലം കോർപ്പറേഷന് നൽകാൻ റയിൽവേ ബോർഡ് അംഗീകാരം നൽകിയിരുന്നു. അത്തരത്തിൽ പുള്ളിക്കടയിലെ ഏകദേശം 406.8 സെന്റ് റയിൽവേ ഭൂമി അവിടെ താമസിക്കുന്നവരുടെ പുനരധിവാസത്തിനായി പാർപ്പിട സമുച്ചയം നിർമ്മിച്ചു നൽകുന്നതിന് കൊല്ലം കോർപ്പറേഷന് ഉഭയകക്ഷി സമ്മതപ്രകാരമുള്ള നിരക്കിൽ റയിൽവേ ബോർഡ് അനുമതിയോടെ വിട്ടുനൽകുന്നതിന് തയ്യാറാണെന്ന് റയിൽവേ ഡിവിഷണൽ മാനേജർ അറിയിച്ചതിനെ തുടർന്ന് ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ട് റയിൽവേ ബോർഡിന് സർക്കാർ തലത്തിൽ 25.02.2014 ന് കത്ത് അയച്ചുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ അന്തിമ മറുപടി എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് റയിൽവേ ബോർഡ് ചെയർമാനോട് ഒന്നുകൂടി അഭ്യർത്ഥിക്കുന്നതാണ്. |
| (ബി) | ഇക്കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ